# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298


2020 ഒക്ടോബർ 14

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റിവച്ചു

ഒക്ടോബർ 16 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (സീപാസ് - 2015 അഡ്മിഷൻ മുതൽ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/996/2020)

## പരീക്ഷാഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ജിയോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 28 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/997/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ബയോസ്റ്റാറ്റിസ്റ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 28 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/998/2020)

2020 മാർച്ചിൽ നടന്ന അഞ്ച്, ആറ് സെമസ്റ്റർ ബി.കോം പ്രൈവറ്റ്(സി.ബി.സി.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 28 വരെ www.mgu.ac.in എന്ന വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/999/2020)

2020 മാർച്ചിൽ നടന്ന അഞ്ച്, ആറ് സെമസ്റ്റർ ബി.എ. പ്രൈവറ്റ്(2017 അഡ്മിഷൻ-സി.ബി.സി.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 28 വരെ www.mgu.ac.in എന്ന വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1000/2020)

## ഭട്നഗർ പുരസ്കാര ജേതാവ്

## ഡോ. സുബി ജേക്കബ് ജോർജിനെ ആദരിച്ചു

ഈ വർഷത്തെ ശാന്തിസ്വരൂപ് ഭട്നഗർ പുരസ്കാര ജേതാവായ മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പൂർവവിദ്യാർഥി ഡോ. സുബി ജേക്കബ് ജോർജിനെ സർവകലാശാല ആദരിച്ചു.

ഓൺലൈനിൽ നടന്ന അനുമോദനയോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. മഹാത്മാഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസലറും മുംബൈ സോമയ്യ വിദ്യാവിഹാർ സർവകലാശാല വൈസ് ചാൻസലറുമായ ഡോ. വി.എൻ. രാജശേഖരൻപിള്ള മുഖ്യ പ്രഭാഷണം നടത്തി. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസ്, രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ്കുമാർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. കെ.എസ്. ദേവകി, പ്രൊഫ. സുരേഷ് മാത്യു, പ്രൊഫ. ബീന മാത്യു എന്നിവർ സംസാരിച്ചു. 'എ ഡൈനാമിക് വേൾഡ് ബിയോണ്ട് ദി മോളിക്യൂൽസ്' എന്ന വിഷയത്തിൽ ഡോ. സുബി ജേക്കബ് ജോർജ് പ്രഭാഷണം നടത്തി.

കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (സി.എസ്.ഐ.ആർ.) ഏർപ്പെടുത്തിയതാണ് ഭട്നഗർ പുരസ്കാരം. ഡോ. സുബി ജേക്കബ് ജോർജ് ബംഗളൂരു ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ചിലെ പ്രൊഫസറാണ്.

(പി.ആർ.ഒ/39/1001/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ